LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപെൻഷനുകളുടെ കുടിശ്ശിക

11 (*131) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതൊക്കെ ക്ഷേമപെൻഷനുകളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും കുടിശ്ശിക വരാനുള്ള കാരണവും വ്യക്തമാക്കുമോ ;

(സി) പെൻഷൻ കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ ക്ഷേമപെൻഷനുകൾക്കായി നീക്കിവച്ച ഫണ്ട് സംബന്ധിച്ച വിവരം വിശദമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ&ബി) സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുവരുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകളിൽ 2014 സെപ്റ്റംബർ മുതൽ കുടിശ്ശിക ഉണ്ട്. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

വികലാംഗ പെൻഷൻ	-	8568.86 ലക്ഷം
അഗതി (വിധവ) പെൻഷൻ	-	25432.27 ലക്ഷം
ദേശീയ വാർദ്ധക്യകാല പെൻഷൻ	-	17595.25 ലക്ഷം
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	-	1701.46 ലക്ഷം

ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവും ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് പെൻഷൻ തുകയിൽ വരുത്തിയ വർദ്ധനവും കാരണമാണ് തുക കുടിശ്ശിക ആയിട്ടുള്ളത്.

(സി) ഉപധനാഭ്യർത്ഥന പ്രകാരം അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിവിധ ക്ഷേമ പെൻഷനുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായും അധികമായി അനുവദിച്ചതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

ക്ഷേമ പെൻഷന്റെ പേര്	ബഡ്ജറ്റ് വിഹിതം	അധിക തുക	ആകെ
വികലാംഗ പെൻഷൻ	26951.34	...	26951.34
അഗതി (വിധവ) പെൻഷൻ	73327.38	...	73327.38
ദേശീയ വാർദ്ധക്യകാല പെൻഷൻ	13000	30884.64	43884.64
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	5053.62	...	5053.62
ആകെ	118332.34		149216.98

ആഗോള കാർഷിക സംഗമം

12 (*132) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംഘടിപ്പിച്ച ആഗോള കാർഷിക സംഗമം സംസ്ഥാനത്തെ കാർഷിക മേഖല നേരിട്ടു കൊണ്ടിരിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിലയിടിവ് പോലുള്ള പ്രശ്നങ്ങളിൽ ഗുണപരമായ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്നറിയിക്കാമോ ;

(ബി) പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുന്ന തരത്തിലുള്ള പദ്ധതികൾ അവതരിപ്പിക്ക പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സംഗമം സംഘടിപ്പിക്കുന്നതിനു സർക്കാരുമായി സഹകരിച്ച ഏജൻസികൾ ഏതൊക്കെയാണെന്നറിയിക്കാമോ ;

(ഡി) ഇവർ സംഗമവുമായി സഹകരിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിരുന്നുവോ ; വിശദീകരിക്കുമോ ; സർക്കാരിന് എത്ര തുക ചെലവായി എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly